പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4897 01-07-2013 ൽ മറുപടിക്ക്

കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ലൂഡി ലൂയിസ് | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കുന്നതിനായി യു.ഡി.എഫ്. സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പരമ്പരാഗത തൊഴിലധിഷ്ഠിത വ്യവസായമെന്നനിലയിൽ, കള്ള് വ്യവസായത്തെയും അതുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും, കള്ളുഷാപ്പുകളിലൂടെ ശുദ്ധമായ കള്ള് മാത്രമേ വില്പന നടത്തുന്നുള്ളുവെന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കള്ള് മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്നതിനും, ഉറപ്പു വരുത്തുന്നതിനുമായി, നിലവിൽ ഷാപ്പ് നടത്തി വരുന്ന ലൈസൻസികൾക്ക് മുൻഗണന നൽകി, 5 മുതൽ 7 വരെ ഷാപ്പുകളടങ്ങിയ ഗ്രൂപ്പുകളായി തിരിച്ച്, ലൈസൻസിംഗ് സമ്പ്രദായത്തിലൂടെ, കള്ളുഷാപ്പുകൾ വില്പന നടത്തി വരുന്നു. കൂടാതെ, തൃശ്ശൂർ താലൂക്കിലെ കള്ളുഷാപ്പുകൾ റെയ്ഞ്ച് അടിസ്ഥാനത്തിൽ നൽകി വരുന്നു. വില്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ, ഷാപ്പൊന്നിന് 500 രൂപ നിരക്കിൽ തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കുന്നതിനും, ഇത്തരത്തിലുള്ള ഷാപ്പുകൾ ഏറ്റെടുക്കേണ്ടതിന് മുൻകൂർ കെട്ടിവയ്ക്കേണ്ട തൊഴിലാളികളുടെ ഒരു മാസത്തെ വേതനം, മൂന്നു മാസത്തെ ക്ഷേമനിധി തുക, വൃക്ഷക്കരം എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കള്ളുഷാപ്പുകൾ അടച്ചിട്ടതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ആശ്വാസം എത്തിക്കുന്നതിനായി, ഈ സർക്കാർ അധികാരമേറ്റയുടൻ, 50 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിക്കുകയും, 2000/- രൂപ വീതം, മലപ്പുറം, തൃശ്ശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലെ തൊഴിലാളികൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ഈ സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ഓരോ വർഷത്തേയും അബ്കാരി നയം പ്രഖ്യാപിക്കുന്നതിന്റെ മുന്നോടിയായും, അല്ലാതെയും പ്രസ്തുത വിഷയം സംബന്ധിച്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ഈ സർക്കാർ പലതവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (സി) | കള്ള് വ്യവസായം സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുമോ? | (സി) | കള്ള് വ്യവസായം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാർ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ